കൊമേഴ്സ്യൽ ടാക്സ് വകുപ്പിൽ ഉത്തരവായിട്ടുണ്ട്. ഈ ആനുകൂല്യം കേരളത്തിൽ എല്ലാ സർക്കാർ ഓഫീസുകളിലും നടപ്പിലാക്കുന്നതിന് സർക്കാർ അടിയന്തിരമായി തീരുമാനം കൈക്കൊള്ളണമെന്ന് അഭ്യർത്ഥിക്കുന്നു. 600 രൂപ പ്രതിമാസ വേതനം പറ്റുന്ന എല്ലാ കാഷ്വൽ സ്വീപ്പർമാരേയും പാർട്ട് ടൈം ജീവനക്കാരാക്കുക, പിരിച്ചുവിടൽ അവസാനിപ്പിക്കുക, വേതന വർദ്ധനവിനു വേണ്ടി നടപടികൾ കൈക്കൊള്ളുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് നൂറു കണക്കിന് കാഷ്വൽ സ്വീപ്പർമാർ സെക്രട്ടേറിയറ്റിനു മുമ്പിൽ 26, 27 തീയതികളിൽ ഇന്നലെമുതൽ രണ്ടുദിവസങ്ങളിലായി 36 മണിക്കൂർ നീണ്ടുനിൽക്കുന്ന ഉപവാസം നടത്തുകയാണ്. ഏറ്റവുമധികം കഷ്ടത അനുഭവിക്കുന്ന സ്വീപ്പർമാരുടെ പ്രശ്നങ്ങൾക്ക് ഉടനടി പരിഹാരം ഉണ്ടാകണമെന്നും, സർക്കാർ അടിയന്തിര നടപടി സ്വീകരിക്കണമെന്നും അഭ്യർത്ഥിക്കുന്നു.

റവന്യൂവകുപ്പുമന്ത്രിക്കുവേണ്ടി പിന്നോക്ക -പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) : സർ, 25-11-1998 -ലെ ഗവൺമെന്റ് ഉത്തരവ്പ്രകാരം കാഷ്വൽ സ്വീപ്പർമാരുടെ പ്രതിമാസ ശമ്പളം 110 രൂപയിൽ നിന്ന് 600 രൂപയായി വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇവർ 110 രൂപ ശമ്പളത്തിന് ജോലി നോക്കുന്ന കാലത്തുതന്നെ അവരെ പിരിച്ചുവിടാൻ പാടില്ല എന്ന് റവന്യൂ വകുപ്പിൽ നിന്ന് 28-10-1992-ൽ ഗവൺമെന്റ് ഉത്തരവ് ഇറക്കിയിട്ടുണ്ട്. ദീർഘകാലമായി ജോലി നോക്കുന്ന കാഷ്വൽ സ്വീപ്പർമാരെ പാർട്ട് ടൈം ജീവനക്കാരായി മാറ്റണമെന്നുള്ള നിവേദനം പരിശോധിച്ചു വരികയാണ്. ഇപ്രകാരം കാഷ്വൽ സ്വീപ്പർമാരെ സ്ഥിരപ്പെടുത്തുന്നുണ്ടെങ്കിൽ ആദ്യംതന്നെ പാർട്ട്ടൈം ജീവനക്കാരുടെ തസ്തിക സൃഷ്ടിക്കേണ്ടതാണ്. 593 വില്ലേജ് ഓഫീസ് കെട്ടിടങ്ങളിൽ 110 ചതുരശ്രമീറ്ററിൽ കൂടുതൽ ഉണ്ടെന്നും അവിടെയെല്ലാം പാർട്ട് ടൈം സ്വീപ്പർമാരുടെ തസ്തിക സൃഷ്ടിക്കേണ്ടതുണ്ടെന്നും അതിന് ഒരു വർഷം ഏകദേശം 88,95,000 രൂപ ഡി. എ. ഇനത്തിൽ ചെലവുവരുമെന്നുമുള്ള ലാന്റ് റവന്യൂ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞപ്പോൾ സംസ്ഥാനത്തിന്റെ ഇപ്പോഴത്തെ സാമ്പത്തിക നില കണക്കിലെടുത്തും വ്യയ നിയന്ത്രണ ഉത്തരവ് അനുസരിച്ചും പ്രസ്തുത നിർദ്ദേശം തൽക്കാലം പരിഗണിക്കാൻ നിർവ്വാഹമില്ല എന്നാണ് കിട്ടിയിട്ടുള്ള റിപ്പോർട്ട്.

(9) മാവൂർ ഗ്വാളിയോർ റയോൺസ് ഫാക്ടറി

ശ്രീ. സി. പി. ബാലൻ വൈദ്യർ : സർ, കോഴിക്കോട് ജില്ലയിൽ പ്രവർത്തിക്കുന്ന മാവൂർ ഗ്വാളിയോർ റയോൺസ് കമ്പനി 1999 മേയ് മാസം മുതൽ ഉൽപ്പാദനം നിർത്തിവച്ചിരിക്കുകയാണ്. നമ്മുടെ രാജ്യം നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ഉദാരവൽക്കരണ നയത്തിന്റെ തിക്ത ഫലമാണ് മാവൂർ കമ്പനിയേയും ബാധിച്ചത്. ഇന്നുവരെ ലാഭം മാത്രം ഉണ്ടാക്കിയിട്ടുള്ള കമ്പനിയാണ് മാവൂരിൽ ഉണ്ടായിരുന്നത്. അതിൽ പണിയെടുക്കുന്ന ആകെ തൊഴിലാളികളുടെ എണ്ണമൊന്നും പറയുന്നില്ല. ഏതാണ്ട് പതിനായിരത്തിലധികം തൊഴിലാളികൾ നേരിട്ടല്ലാതെയും, മൂവായിരത്തിലധികം തൊഴിലാളികൾ നേരിട്ടും ജോലി എടുക്കുന്ന ആ സ്ഥാപനത്തിലെ കുടുംബങ്ങൾ വൻപിച്ച ദുരിതത്തിലാണ്. ഇവിടെ ഉൽപ്പാദിപ്പിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

പൾപ്പിനേക്കാൾ കുറഞ്ഞ വിലയ്ക്ക് വിവിധ രാജ്യങ്ങളിൽ ബിർല നടത്തുന്ന കമ്പനികളിൽ നിന്ന് പൾപ്പ് ഇവിടെ കൊണ്ടുവരാൻ കഴിയും എന്നാണ് മാനേജ്മെന്റിന്റെ വാദം. കാനഡയിൽവരെ അവർക്ക് പൾപ്പിന്റെ കമ്പനികൾ ഉണ്ട്. അവിടെനിന്ന് പൾപ്പ് കൊണ്ടുവരാൻ കഴിയും എന്ന് മുഖ്യമന്ത്രി ഉൾപ്പെടെ സംസാരിച്ച സമയത്ത് അവർ വ്യക്തമാക്കിയിട്ടുള്ള കാര്യമാണ്. കേരളാ ഗവൺമെന്റ് എടുത്തിട്ടുള്ള ധീരമായ നടപടിയുടെ ഫലമായി അടച്ചുപൂട്ടാനുള്ള ആവശ്യം നിരസിച്ചതുകൊണ്ട് മാത്രമാണ് ആ കമ്പനിയിലെ തൊഴിലാളികൾക്ക് ഇന്ന് ശമ്പളം ലഭിക്കുന്നത്. ഇതിനെ പൊളിക്കുന്നതിനുവേണ്ടി മധ്യപ്രദേശ് ഹൈക്കോടതിയുടെ ഇൻഡോർ ബഞ്ചിൽ "മൂൺ ലൈറ്റ്" എന്ന ഒരു കമ്പനി രജിസ്റ്റർ ചെയ്തു. കേവലം നാലുലക്ഷം രൂപയാണ് ആ കമ്പനിയുടെ പ്രവർത്തന മൂലധനം. ആ കമ്പനിയ്ക്ക് മാവൂർ കമ്പനി വിൽക്കാനുള്ള തീരുമാനം അംഗീകരിപ്പിക്കാനുള്ള നിയമയുദ്ധമാണ് ബിർള മാനേജ്മെന്റ് നടത്തുന്നത്. കേരളാഹൈക്കോടതിയിൽ കേസ് കൊടുത്തില്ല അവിടെയാണ് കൊടുത്തത്. അവിടെ കൊടുത്തതിനുതന്നെ പ്രത്യേക ഉദ്ദേശമുണ്ട്. അതിന്റെ മറ്റു കാര്യങ്ങളിലേയ്ക്കൊന്നും ഞാൻ പോകുന്നില്ല. അങ്ങനെ ഹൈക്കോടതിയെ കൂടി ബന്ധപ്പെടുത്തി വിധി സമ്പാദിച്ചുകൊണ്ട് ഈ തൊഴിലാളികൾക്ക് ഒരു ആനുകൂല്യവും കൊടുക്കാതെ പിരിച്ചുവിടത്തക്ക വിധത്തിലുള്ള കുതന്ത്രങ്ങളാണ് ബിർള മാനേജ്മെന്റ് ഇന്ന് നടപ്പിലാക്കാൻ ശ്രമിക്കുന്നത്. മാർച്ച് 14-ാം തീയതി കേസിന്റെ വിചാരണ വീണ്ടും വരുന്നു. എനിക്ക് ഈ ഗവൺമെന്റിനോട്, വ്യവസായവകുപ്പ് മന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത് ഇൻഡോർകോടതിയിൽ നടക്കുന്ന കേസ് ഫലപ്രദമായി നടത്തി വിധി സംസ്ഥാനത്തിനനുകൂലമാക്കുന്നതിനാവശ്യമായ നടപടിയെടുക്കണം. ഏറ്റവും നല്ല അഭിഭാഷകരെ ചുമതലപ്പെടുത്തി കേസ് നടത്താൻ വേണ്ട എല്ലാ നടപടികളും ഗവൺമെന്റ് എടുക്കണം എന്ന് അഭ്യർത്ഥിക്കുന്നു. അതുപോലെ നാലു ലക്ഷം രൂപ മൂലധനമുള്ള ഒരു കമ്പനിയ്ക്ക് വമ്പിച്ച കോടികളുടെ ആസ്തിയുള്ള ഈ കമ്പനിയെ കൈമാറാൻ നടത്തുന്ന ശ്രമത്തെ നിയമയുദ്ധത്തിൽകൂടിയും അല്ലാതെയും പിന്തിരിപ്പിക്കണം. എന്തു നടപടി ഇതിൽ എടുക്കും എന്നുള്ളത് വ്യക്തമല്ല. കേന്ദ്രഗവൺമെന്റും ഇതിൽ പ്രധാനപ്പെട്ട കക്ഷിയാണ്. കേന്ദ്ര ഗവൺമെന്റിനെ കൊണ്ടു കൂടി ബിർള മാനേജ്മെന്റിന്റെ കുതന്ത്രത്തിൽ നിന്ന് ഈ കമ്പനിയേയും തൊഴിലാളികളേയും രക്ഷപ്പെടുത്താൻ ആവശ്യമായ ഇടപെടൽ സംസ്ഥാന ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകണം. ഇന്ന് അവിടെ തൊഴിലാളികളുടെയിടയിൽ എന്തെങ്കിലും ആനുകൂല്യം കിട്ടി പിരിഞ്ഞുപോയാൽ മതി എന്ന പൊതു അഭിപ്രായം ഉണ്ടാക്കാനാണ് മാനേജ്മെന്റ് പരിശ്രമിച്ചുകൊണ്ടിരിക്കുന്നത്. ഇതിൽ വ്യക്തമായ ഒരു സമീപനം ഗവൺമെന്റ് എടുക്കണം എന്ന് വിനയപൂർവം അഭ്യർത്ഥിക്കുന്നു.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി ശ്രീമതി സുശീലാ ഗോപാലൻ : സർ, ഗ്വാളിയോർ റയോൺസ് കമ്പനി തുറപ്പിക്കുന്നതിനുവേണ്ടി നിരവധി ചർച്ചകൾ മാനേജുമെന്റുമായി വ്യവസായ വകുപ്പുമന്ത്രി എന്നുള്ള നിലയ്ക്ക് ഞാൻ നടത്തിയിട്ടുണ്ട്. ബോംബെയിൽ പോയി ചർച്ച ചെയ്തു. പിന്നീട് അവരെ ഇവിടെ വരുത്തി ചർച്ച ചെയ്തു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി, വനം വകുപ്പുമന്ത്രി, ധനകാര്യവകുപ്പുമന്ത്രി തുടങ്ങിയവരെ പങ്കെടുപ്പിച്ചുകൊണ്ട് ഇതു സംബന്ധിച്ച്

LIBRARY ARCHIVES Kerala Legislative Assembly

ഒരു കോൺഫറൻസ് നടത്തി. മാനേജ്മെന്റ് ഈ കാര്യത്തിൽ അനുകൂലമായ ഒരു നിലപാട് അല്ല എടുത്തത്. അതിനുശേഷം അടച്ചുപൂട്ടുന്നതിനുള്ള അവകാശം ഞങ്ങൾ നിഷേധിക്കുകയും അതിനെ സംബന്ധിച്ച് ട്രേഡ് യൂണിയൻ പ്രതിനിധികളുടെയെല്ലാം വാദം കേട്ടശേഷം തൊഴിൽവകുപ്പ് തന്നെ ഇക്കാര്യത്തിൽ അവരുടെ അപേക്ഷ നിരസിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. ഈ ഉത്തരവിനെതിരെ കമ്പനി മാനേജ്മെന്റ് 6-11-1999-ൽ ഒരു റിവ്യൂ പെറ്റീഷൻ സർക്കാരിന് സമർപ്പിച്ചു. മാനേജ്മെന്റിന്റെയും, തൊഴിലാളികളുടെയും വാദം കേട്ടശേഷം തൊഴിൽവകുപ്പു സെക്രട്ടറി റിവ്യൂ പെറ്റീഷൻ നിരസിക്കുകയും, തർക്ക സംഗതി കോഴിക്കോട് ഇൻഡസ്ട്രിയൽ ട്രിബ്യൂണലിന്റെ അഡ്ജൂഡിക്കേഷന് അയയ്ക്കുകയും ചെയ്തു. വ്യവസായവകുപ്പു സെക്രട്ടറി തലവനായുള്ള ഒരു കമ്മിറ്റി ഫാക്ടറി തുറക്കാനുള്ള സാദ്ധ്യതകളെപ്പറ്റി പഠനം നടത്തുകയും ഒരു റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. ഫാക്ടറി തുറന്നുപ്രവർത്തിപ്പിക്കുന്നതിനായി മാനേജ്മെന്റ് പ്രതിനിധികളുമായി വിവിധ ചർച്ചകൾ നടത്തിയിട്ടും പ്രയോജനം ഒന്നും ഉണ്ടായില്ല. ഇൻഡോറിലെ മൂൺ ലൈറ്റ് ലിമിറ്റഡ് എന്ന കമ്പനിയ്ക്ക് ഉടമസ്ഥാവകാശം കൈമാറുന്നത് സംബന്ധിച്ച് മധ്യപ്രദേശ് ഹൈക്കോടതി രജിസ്ട്രാറുടെ ഹിന്ദു ദിനപ്പത്രത്തിൽ വന്ന നോട്ടീസ് ശ്രദ്ധയിൽപ്പെട്ട ഉടൻതന്നെ അതിനെതിരായി ഒരു അഫിഡവിറ്റ് കോടതിയിൽ ഫയൽ ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വ്യവസായ വകുപ്പു സെക്രട്ടറിതന്നെ അവിടെ പോയി ഇതിനാവശ്യമായിട്ടുള്ള കാര്യങ്ങളെല്ലാം ചെയ്തിട്ടുണ്ട്. പ്രധാനപ്പെട്ട ഒരു അഡ്വക്കേറ്റിനെ അതിനുവേണ്ടി നിയമിച്ചിട്ടുണ്ട്. എല്ലാ നിയമനടപടികളും എടുക്കുന്നതിനും, അവരെ സംരക്ഷിക്കുന്നതിനും ആവശ്യമായ നടപടികൾ തുടർന്നും നടത്തുന്നതാണ്. ആവശ്യമാണെങ്കിൽ കേന്ദ്ര ഗവൺമെന്റുമായി ബന്ധപ്പെട്ടും ഇക്കാര്യത്തിൽ വേണ്ട കാര്യങ്ങൾ എടുക്കുന്നതാണ്.

(10) ചിറ്റൂർ ഷുഗർ ഫാക്ടറിയിൽ നിന്നും കൃഷിക്കാർക്ക് കൊടുക്കാനുള്ള തുക

ശ്രീ. കെ. അച്ചുതൻ : സർ, കേരളത്തിൽ അവശേഷിക്കുന്ന ഏക പഞ്ചസാര ഫാക്ടറിയാണ് ചിറ്റൂർ ഷുഗേഴ്സ്. അധികം താമസിയാതെ ചിറ്റൂർ കോ-ഓപ്പറേറ്റീവ് ഷുഗേഴ്സ് കൂടി ഇല്ലാതാകാൻ പോവുകയാണ്. ഈ വർഷം കരിമ്പു നൽകിയ വകയിൽ 3 കോടി 56 ലക്ഷം രൂപ ആറുമാസമായി കൃഷിക്കാർക്ക് നൽകാതിരിക്കുകയാണ്. മാനേജ്മെന്റ് പറയുന്നത് ഇ. എൻ. എ. വിറ്റ് കരിമ്പുകൃഷിക്കാർക്ക് വില നൽകാം എന്നാണ്. 3 ലക്ഷം ലിറ്റർ ഇ.എൻ.എ. കെട്ടിക്കിടപ്പുണ്ട്. ഒരു ലിറ്ററിന് 18 രൂപയാണ് വില. അത് മുഴുവൻ വിറ്റാലും കമ്പനിക്ക് കൊടുക്കാനുള്ള തുക ലഭിക്കുകയില്ല. 54 ലക്ഷം രൂപയാണ് കമ്പനിക്ക് ലഭിക്കാനുള്ളത്. 3 കോടി 56 ലക്ഷം രൂപയിൽ 54 ലക്ഷം ഒഴിച്ച് ബാക്കി എങ്ങനെ കൊടുക്കും എന്നതിനെക്കുറിച്ച് വ്യക്തമായ യാതൊരു മറുപടിയും മാനേജ്മെന്റിന്റെ ഭാഗത്തുനിന്ന് പറയുന്നില്ല. ഈ കമ്പനിയെ രക്ഷപ്പെടുത്തണമെന്ന് ഞങ്ങൾ കഴിഞ്ഞ മൂന്നു, നാലുമാസമായി നിരന്തരമായി ആവശ്യപ്പെടുന്നതാണ്. ചിറ്റൂർ ഷുഗർ മില്ലിന് വിദേശമദ്യം ഉൽപ്പാദിപ്പിക്കുന്നതിനുള്ള ലൈസൻസ് ഉണ്ട്. നാലുവർഷമായി ആവശ്യപ്പെട്ടിട്ടും മാനേജ്മെന്റ് മറ്റു വിദേശ മദ്യ കമ്പനികളുടെ

LIBRARY ARCHIVES Kerala Legislative Assembly